LIBRARY ARCHIVES Kerala Legislative Assembly

VI മേശപ്പുറത്തുവച്ച കടലാസുകൾ

1. ലിസ്റ്റ് - 1 പ്രകാരമുള്ള കടലാസ്സുകൾ

I. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിന്റെ 2007-2008 വർഷത്തെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വാണിജ്യനികുതി വകുപ്പിലെ നികുതികാര്യ നിർവ്വഹണത്തിൽ കേരള മൂല്യ വർദ്ധിത നികുതി വിവരസംവിധാന (കെ.വി.എ.റ്റി.ഐ.എസ്.)-ത്തിന്റെ ഫലപ്രാപ്തി യിന്മേലുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്.

2. ചട്ടം 47 (2) അനുസരിച്ചുള്ള കടലാസ്സുകൾ

I. ആഭ്യന്തരവും വിദ്യാഭ്യാസവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2584 നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2446, പത്താം സമ്മേളനത്തിലെ 1987 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.